**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.182** **11/03/2020 ൽ മറുപടിക്ക്**

**ദേവസ്വം നിയമനങ്ങളിലെ സംവരണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | **കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ജാതി പരിഗണനകൾക്കതീതമായി അർഹത മാനദണ്ഡമാക്കി പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരെയുൾപ്പെടെ ശാന്തിക്കാരായി നിയമിക്കാനുള്ള വിപ്ലവകരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ജാതി പരിഗണനകൾക്കതീതമായി അർഹത മാനദണ്ഡമാക്കി പട്ടികജാതി-പട്ടികഗോത്രങ്ങളിൽപ്പെട്ടവരെയുൾപ്പെടെ ശാന്തി തസ്തികയിൽ നിയമനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 424 പേരുടേയും കൊച്ചിൻ ദേവസ്വം ബോർഡിൽ 246 പേരുടെയും റാങ്ക് ലിസ്റ്റ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധപ്പെടുത്തിയതിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡ് 272 പേരെയും, കൊച്ചിൻ ദേവസ്വം ബോർഡ് 128 പേരെയും നിയമിച്ചിട്ടുണ്ട്. ഇതിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിയമിച്ചവരിൽ 11 (പതിനൊന്ന്) പേരും കൊച്ചിൻ ദേവസ്വം ബോർഡിൽ നിയമിച്ചവരിൽ 12 (പന്ത്രണ്ട്) പേരും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്.<br>മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ സംവരണ ടേണിൽ 83 പേർ തിരുവിതാംകൂർ ദേവസ്വം ബോർഡിലും 25 പേർ കൊച്ചിൻ ദേവസ്വംബോർഡിലും ശാന്തി തസ്തികയിൽ നിയമനം ലഭിച്ചവരിലുൾപ്പെടുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ റാങ്ക് പട്ടികയിൽ |

| | | | |
|---|---|---|---|
| | | | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ മതിയായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ ഈ വിഭാഗത്തിലെ 18 ഒഴിവുകളിലേയ്ക്ക് വീണ്ടും അപേക്ഷ ക്ഷണിച്ചുകൊണ്ട് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്ത് ആദ്യമായി സാമ്പത്തിക പിന്നാക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ മുന്നാക്കജാതികളിൽപ്പെട്ടവർക്ക് സംവരണം നൽകാൻ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ സംവരണത്തിന്റെ ആനുകൂല്യം നൽകി 6 (ആറ്) ഉദ്യോഗാർത്ഥികൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ. ഡി. ക്ലർക്ക്/ സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് നിയമനത്തിനായി ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 26.02.2020 ൽ നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (സി) | 2014 ൽ രൂപീകരിക്കപ്പെട്ട 6 അംഗങ്ങൾ ഉണ്ടായിരുന്ന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3 അംഗ ബോർഡായി പുന:സംഘടിപ്പിച്ചു. ഇതിനു ശേഷമാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ആരംഭിച്ചത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മാതൃകയിൽ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി ഒറ്റത്തവണ പ്രൊഫൈൽ രജിസ്ട്രേഷൻ നടത്തുന്നതിനും അനായാസമായി അപേക്ഷകൾ സമർപ്പിക്കുന്നതിനും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് ഈ അപേക്ഷകൾ അനായാസം പ്രോസസ് ചെയ്ത് പരീക്ഷകൾ നടത്തി റാങ്ക് |

| | | | |
|---|---|---|---|
| | | | പട്ടിക തയ്യാറാക്കുന്നതിനും സഹായകരമായ വിധത്തിൽ 'ദേവജാലിക' എന്ന് നാമകരണം ചെയ്ത ഒരു റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സോഫ്റ്റ് വെയർ നടപ്പിലാക്കി. പരീക്ഷാനടപടികൾ കുറ്റമറ്റതും സുതാര്യവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് **939** ഉദ്യോഗാർത്ഥികൾ ഉൾക്കൊള്ളുന്ന റാങ്ക് ലിസ്റ്റും കൊച്ചിൻ ദേവസ്വം ബോർഡിലെ വിവിധ തസ്തികകളിലേയ്ക്ക് **975** പേർ ഉൾക്കൊള്ളുന്ന റാങ്ക് ലിസ്റ്റും മലബാർ ദേവസ്വം ബോർഡിലേയ്ക്ക് **61** പേരുടെ റാങ്ക് ലിസ്റ്റും ഇതിനോടകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഈ റാങ്ക് പട്ടികകളിൽ നിന്നുള്ള നിയമനങ്ങൾ നടന്നുവരുന്നു. കൂടാതെ ഗുരുവായൂർ ദേവസ്വത്തിലെ **21** തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| | | | |

സെക്ഷൻ ഓഫീസർ